256

കുരിശും നിജതോളിലെടുത്തൊരു വൻ ഗിരിമേൽ
കരേറിപ്പോകുന്ന കാഴ്ച കാണ്മിൻ

1 അവനീശസുതൻ മഹിമോന്നതനാം
അവനീശ്വരരിൽ ബഹുവന്ദിതനാം
അവനീവിധമേഴസമാനമുഴന്നതു കാണ്മിൻ
പാപികളാം നരർക്കായ്-

2 സഹതാപമൊരുത്തനുമില്ലവനിൽ
സഹകാരികളൊരുവരുമില്ലരികിൽ
സർവ്വേശ്വരനും കൈവിട്ടിതു ദാരുണമോർത്താൽ
പാപികളാം നരർക്കായ്-

3 നരികൾക്കു വസിപ്പതിനായ് കുഴിയും
പറവയ്ക്കു വസിപ്പതിന്നായ് കൂടും
ഭൂവിയു   ിവനോ തലചായ്പതിന്നായ് കുരിശല്ലാ-
തിപ്പാരിൽ സ്ഥാനമില്ല-

4 നരകാഗ്നിയിൽ നരരാകുലരായ്
എരിയാനിടയാകരുതായതിനായ്
ചൊരിയുന്നവനിൽ ദുരിതങ്ങളശേഷവുമീശൻ
കാരുണ്യമേതുമെന്യേ-

**T.K.S.**